11244
4/9/15

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനംവന്യജീവി വകുപ്പ് - ഒക്ടോബർ 2 മുതൽ 8 വരെയുള്ള വന്യജീവി വാരാഘോഷം - **6.10.2015-ന്** സർക്കാർ ഉദ്യോഗസ്ഥരും സ്കൂൾ വിദ്യാർത്ഥികളും പ്രതിജ്ഞ എടുക്കുന്നത് സംബന്ധിച്ച നിർദ്ദേശം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.334/15/വനം. തിരുവനന്തപുരം, തീയതി, 22.07.2014.

---

പരാമർശം - 1) 26.08.2014 ലെ സ.ഉ.(സാധാ) നം. 398/2014/വനം.
2) വന്യജീവി വിഭാഗം മുഖ്യവനപാലകന്റെ 23.06.2015-ലെ ഡബ്ല്യു.എൽ.10-29300/2015 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ജന്മദിനമായ ഒക്ടോബർ 2 മുതൽ ഒരാഴ്ച വന്യജീവി വാരമായി വർഷംതോറും ആചരിച്ചു വരുന്നുണ്ട്. വനത്തിനേയും വന്യജീവികളേയും സംരക്ഷിക്കുക എന്ന മഹത്തായ ലക്ഷ്യം മുൻനിർത്തി എല്ലാ ജനവിഭാഗങ്ങളേയും ബോധവൽക്കരിക്കുക, സംരക്ഷണപ്രവർത്തനങ്ങളിൽ അവരവരുടെ പങ്കാളിത്തവും പ്രേരണയും ഉറപ്പുവരുത്തുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി വിഭാവനം ചെയ്യുന്നത്.

2) വന്യജീവി വാരാഘോഷത്തിന്റെ സന്ദേശം വിദ്യാർത്ഥികളിലും, ജീവനക്കാരിലും എത്തിക്കുന്നതിന് 06.10.2015-ന് ഉച്ചയ്ക്ക് മുമ്പ് സർക്കാർ ഉദ്യോഗസ്ഥരും, സ്കൂൾ വിദ്യാർത്ഥികളും അവർക്ക് സൗകര്യപ്രദമായ സ്ഥലത്ത് വെച്ച് താഴെ കൊടുത്തിരിക്കുന്ന പ്രതിജ്ഞ എടുക്കണമെന്നും ആയതിനുള്ള ക്രമീകരണങ്ങൾ ബന്ധപ്പെട്ട സ്ഥാപനമേധാവികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് സർക്കാർ ഉത്തരവാകുന്നു.

## പ്രതിജ്ഞ

"കേരളത്തിന്റെ കാടുകളും, പുഴകളും, വന്യജീവികളുമെല്ലാം ഞങ്ങളുടെ സ്വത്താണ്, നിലനിൽപ്പാണ്, അഭിമാനമാണ്. ഇവ വരും തലമുറകളുടെ അവകാശമാണ്. ഇവയെ , നശിപ്പിക്കാൻ ഒരു ശക്തിയെയും ഞങ്ങൾ അനുവദിക്കുകയില്ല. കാടും, ജലസമൃദ്ധിയും, പച്ചപ്പും സംരക്ഷിക്കുമെന്ന് ഈ മണ്ണിൽ തൊട്ട് ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു.

കാടിനു കാവൽ നാം തന്നെ.
കാടിനു കാവൽ നാം തന്നെ.
കാടിനു കാവൽ നാം തന്നെ."

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.വി.കൃഷ്ണകുമാർ,
ഡെപ്യൂട്ടി സെക്രട്ടറി.

ഗവണ്മെന്റ് സെക്രട്ടറിമാർക്ക്.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം), തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (മാധ്യമങ്ങളിലും സർക്കാർ വെബ് സൈറ്റിലും പ്രസിദ്ധീകരിക്കുന്നതിന്).
ഡയറക്ടർ (പൊതുവിദ്യാഭ്യാസം/ഹയർസെക്കന്ററി/വി.എച്ച്.എസ്.ഇ), തിരുവനന്തപുരം.
ജില്ലാ കളക്ടർമാർക്ക്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
കരുതൽ ശേഖരം/ഓഫീസ് കോപ്പി.

പകർപ്പ് - വനം വകുപ്പുമന്ത്രിയുടെ പി.എസ്.
വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്.
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ-യ്ക്ക്.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.